# വരാലിനു മുറിവുകൾ

മത്സ്യം

ഡോ. പി.എ. വികാസ്

സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in



*? ഞാൻ കുളത്തിൽ വരാൽകൃഷി ചെയ്യുന്നുണ്ട്. ഹാച്ചറിയിൽനിന്നു വാങ്ങിയ കുഞ്ഞുങ്ങളെയാണ് ഇട്ടത്. ഇടയ്ക്കിടെ ചിലത് ചാവുന്നു. ദേഹത്തു മുറിവുകളുണ്ട്. ചിത്രത്തിൽ കാണുന്ന തരത്തിലുള്ള വരാലുമുണ്ട് ഇതിൽ. ഇത് എന്താണ്. എന്താണ് കാരണം.*

**വി. സത്യദേവ്,** പനമരം

● സാധാരണ ഗതിയിൽ ഹാച്ചറിയിൽനിന്നു വാങ്ങുന്ന, കൃഷിക്കു വ്യാപകമായി ഉപയോഗിക്കുന്ന ചന്ന സ്ട്രയേറ്റ എന്ന ശാസ്ത്രീയ നാമത്തിൽ അറിയപ്പെടുന്ന വരാൽ കുഞ്ഞുങ്ങൾ പരസ്പരം കടിക്കുന്നത് അപൂർവമാണ്. എന്നാൽ ചിത്രത്തിലുള്ളത് കടിയൻ വരാൽ എന്നു പൊതുവേ അറിയപ്പെടുന്ന ചന്ന പങ്റ്റേറ്റ ആണ്. ഇവയാണ് മറ്റു വരാൽമത്സ്യങ്ങളെ കടിക്കുന്നത്. ഇത് കുളത്തിൽ മുൻപേ ഉണ്ടായിരുന്നതോ കുഞ്ഞുങ്ങളെ വാങ്ങിയപ്പോൾ കൂട്ടത്തിൽ വന്നതോ ആവാം. ഇവ അധികം വളരാത്തതിനാൽ കൃഷിക്കു പറ്റിയതുമല്ല. ഇത്തരം വരാൽ കൃഷിയിടത്തിൽ കടന്നുകൂടാതിരിക്കാൻ ജാഗ്രത പുലർത്തണം. കൃഷി തുടങ്ങുന്നതിന് മുൻപ് കളമത്സ്യങ്ങളെ നശിപ്പിക്കുകയും മറ്റു കുളങ്ങളിൽനിന്നു മത്സ്യങ്ങൾ കടന്നുകൂടാതിരിക്കാൻ കുളത്തിനു ചുറ്റും വലകൾ ഇടുകയും വേണം. വിത്തുൽപാദനം ശാസ്ത്രീയമായി നടത്തുന്ന വിശ്വസനീയകേന്ദ്രങ്ങളിൽനിന്നു മാത്രം കുഞ്ഞുങ്ങളെ വാങ്ങാൻ ശ്രദ്ധിക്കണം.



*കടിയൻ വരാൽ എന്ന ചന്ന പങ്റ്റേറ്റ*